**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈറ്റ് മെട്രോ പദ്ധതികൾക്ക് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇതിനാവശ്യമായ സമഗ്ര ഗതാഗത പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഇല്ല. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 08.04.2021-ലെ കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മുൻഗണനാ പദ്ധതികളെക്കുറിച്ച് 08.09.2021-ൽ മുഖ്യമന്ത്രി നടത്തിയ അവലോകന യോഗത്തിലെ തീരുമാനം പരിഗണിച്ചും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) നടപ്പാക്കി വരുന്ന ലൈറ്റ് മെട്രോ/മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവ 01.09.2022-ലെ സ.ഉ.(അച്ചടി)നം.43/2022/ഗതാ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.<br><br>NATPAC / മറ്റ് accredited agencies വഴിയോ പുതിയ Comprehensive Mobility Plan (CMP)-ഉം, Alternative Analysis Report (AAR)-ഉം തയ്യാറാക്കി നൽകുന്നതിനനുസരിച്ച് തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പാക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പുതുക്കിയ Detailed Project Report (DPR) തയ്യാറാക്കി സമർപ്പിക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>നിലവിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, പ്രസ്തുത ജില്ലകൾക്കായുള്ള സമഗ്ര ഗതാഗത പദ്ധതി, Alternative Analysis Report എന്നിവ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് സ.ഉ(അച്ചടി)നം.52/2018/ഗതാ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ 2310 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, പദ്ധതിയുടെ വിശദ പദ്ധതിരേഖ (Detailed Project Report – DPR) 2017-ലെ മെട്രോ റെയിൽ പോളിസിക്ക് അനുസൃതമായി പുതുക്കി ലഭ്യമാക്കുവാൻ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ടതിൻ പ്രകാരം പദ്ധതിയുടെ ചെലവ് 1957.05 കോടി രൂപയായി പുനർ നിർണ്ണയിക്കുകയും, 07.09.2022-ലെ കേന്ദ്രമന്ത്രിസഭ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്.<br><br>നിലവിൽ ജനറൽ കൺസൾട്ടന്റിനെ നിയമിക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 2023 മാർച്ച് മാസത്തോട് കൂടി ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് കൂടാതെ പദ്ധതിയുടെ പ്രാരംഭപ്രവൃത്തികളുടെ ഭാഗമായുള്ള നിർമ്മാണപ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കലും റോഡ് വീതി കൂട്ടുന്ന നടപടികളും അതിവേഗത്തിൽ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത മെട്രോ പദ്ധതികൾ പ്രാവർത്തികമാകുന്നതോടെ പൊതുഗതാഗത രംഗത്തും പൊതു വികസന മേഖലയിലും എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | കൊച്ചി മെട്രോ രണ്ടാം ഘട്ടം പ്രാവർത്തികമാകുന്നതോടു കൂടി എറണാകുളത്തിന്റെ നഗരഹൃദയത്തെ കേരളത്തിന്റെ വൻകിട ഐ.ടി. ഹബ്ബുമായി ബന്ധിപ്പിക്കുവാനും, ജില്ലാ ആസ്ഥാനവും, പ്രധാനപ്പെട്ട ജനവാസ കേന്ദ്രവും, പ്രത്യേക സാമ്പത്തിക മേഖല ഉൾപ്പെടുന്ന വ്യവസായ മേഖലയായ കാക്കനാടിനേയും നഗരകേന്ദ്രവുമായി ബന്ധിപ്പിക്കുവാനും സാധിക്കും.<br><br>മെട്രോ കടന്നു പോകുന്ന മേഖലകളിൽ മെട്രോ അനുബന്ധ വികസനങ്ങൾ, അതായത് പാർപ്പിട സമുച്ചയങ്ങൾ, വ്യാപാര സമുച്ചയങ്ങൾ, അനുബന്ധ വികസനങ്ങളും അതിനോട് അനുബന്ധിച്ച് നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്. ഇതുകൂടാതെ, മാസ്സ് റാപ്പിഡ് ട്രാൻസിറ്റ് പ്രാവർത്തികമാകുന്ന നഗരങ്ങളിൽ അന്തരീക്ഷമലിനീകരണം, ഗതാഗതക്കുരുക്ക്, വാഹനാപകട നിരക്ക് എന്നിവ കുറയുന്നതാണ്. |

സെക്ഷൻ ഓഫീസർ